# പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം :2087 05.05.2017-ൽ മറുപടിയ്ക്ക്

## ജൈവ വൈവിധ്യ സംരക്ഷണത്തിനായി പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.കൃഷ്ണൻ<br>,, എ.എം. ആരിഫ്<br>,, പി.ടി.എ. റഹീം<br>ശ്രീമതി. വീണാ ജോർജ്ജ് : | ശ്രീ. അഡ്വ: കെ. രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |

എ) **സംസ്ഥാനത്ത് ജൈവ വൈവിധ്യ സംരക്ഷണത്തിനായി എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ടോ;**

എ) വനങ്ങളിൽ ജൈവവൈവിദ്ധ്യം സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനുമായി താഴെ പറയുന്ന പദ്ധതികൾ വനം വകുപ്പ് നടപ്പിലാക്കി വരുന്നു.

1. 15 വന്യജീവി സങ്കേതങ്ങൾ , 5 ദേശീയോദ്യാനങ്ങൾ , ഒരു കമ്യൂണിറ്റി റിസർവ്വ് എന്നിവയുടെ സംരക്ഷണവും പരിപാലനവും.
2. പെരിയാർ ടൈഗർ റിസർവ്വ് , പറമ്പിക്കുളം ടൈഗർ റിസർവ്വ് എന്നീ ടൈഗർ റിസർവ്വുകളുടെ സംരക്ഷണവും പരിപാലനവും.
3. ആനകളുടെ പ്രത്യേക സംരക്ഷണത്തിനായി "പ്രൊജക്ട് എലിഫന്റ്" പദ്ധതി.
4. ജൈവവൈവിദ്ധ്യ മേഖലകളായി യുനസ്കോ (UNESCO) കണ്ടെത്തിയ നീലഗിരി ബയോസ്ഫിയർ , അഗസ്ത്യമല ബയോസ്ഫിയർ എന്നീ റിസർവ്വുകളുടെ സംരക്ഷണവും പരിപാലനവും.

വനേതര പ്രദേശങ്ങളിൽ ജൈവ വൈവിദ്ധ്യം സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനുമായി താഴെ പറയുന്ന പദ്ധതികൾ വനം വകുപ്പ് നടപ്പിലാക്കി വരുന്നു.

1. സംരക്ഷിത മേഖലയ്ക്ക് പുറത്തുള്ള സ്വാഭാവിക വനങ്ങളിലെ ജൈവ

വൈവിദ്ധ്യ സംരക്ഷണം.

2. വനത്തിനു പുറത്തുള്ള കാവുകൾ , കണ്ടൽക്കാടുകൾ എന്നിവയുടെ പരിപാലനം.

3. സാമൂഹ്യ വന വൽക്കരണ വിഭാഗത്തിൽ 'ഹരിതകേരളം' പദ്ധതി പ്രകാരമുള്ള വൃക്ഷത്തൈ വിതരണവും വച്ചു പിടിപ്പിക്കലും , കുരുവിക്കൊരു കൂട് , വനമിത്ര/ പ്രകൃതി മിത്ര അവാർഡുകൾ , സിറ്റിസൺ കൺസർവേറ്റർ പദ്ധതി, വന ദീപ്തി പദ്ധതി, നഗര ഹരിത വൽക്കരണം പദ്ധതി, അവബോധന ക്ലാസുകൾ ,കുട്ടിവനം പദ്ധതി, നക്ഷത്ര വനം പദ്ധതി, ഔഷധത്തോട്ടം പദ്ധതി , കടലാമ സംരക്ഷണം , പക്ഷി സംരക്ഷണം മുതലായ ജൈവവൈവിധ്യ സംരക്ഷണം.

4. പ്രക്ഷീണ വനങ്ങളുടേയും അതോടു ചേർന്ന വനേതര ലാന്റ്സ്കേപ്പിന്റേയും പുനരുദ്ധാരണവും പരിചരണവും ലക്ഷ്യമാക്കി യിട്ടുള്ള "ഹരിത ഭാരത ദൗത്യം" (ഗ്രീൻ ഇന്ത്യാ മിഷൻ) പദ്ധതി.

**ബി) വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന വൃക്ഷ-ലതാദികളുടെയും ജന്തുജാലങ്ങളുടെയും സംരക്ഷണത്തിന് വേണ്ടി എന്തെല്ലാം പരിപാടികളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്;**

ബി) ഹരിത ഭാരത ദൗത്യത്തിൽ വനമേഖലയെ വിവിധ വാട്ടർ ഷെഡുകളായി തിരിച്ച് സംരക്ഷിക്കപ്പെടേണ്ടുന്ന, വംശനാശം നേരിടുന്നതും അല്ലാത്തതുമായ വൃക്ഷ ലതാദികളുടേയും ജന്തുജാലങ്ങളുടേയും സംരക്ഷണത്തിന് വേണ്ടി വിവിധ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നു. വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന വൃക്ഷ ലതാദികളുടെ സംരക്ഷണത്തിനായി വൃക്ഷത്തൈകൾ നട്ടു പിടിപ്പിച്ച് വിതരണം ചെയ്തു വരുന്നു. വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന ജന്തു ജാലങ്ങളുടെ സംരക്ഷണത്തിനു വേണ്ടി "കുരുവിയ്ക്കൊരു കൂട് " എന്ന പദ്ധതിയും , കടലാമ സംരക്ഷണ പ്രവർത്തനങ്ങളും ഏറ്റെടുത്തു നടപ്പിലാക്കി വരുന്നു. വനത്തിനുള്ളിൽ ജലസ്രോത

സ്സുകൾ സംരക്ഷിച്ചും, വന്യജീവികൾക്ക് ആവശ്യമായ വൃക്ഷങ്ങളുടേയും ചെടികളുടേയും വളർച്ച പ്രോത്സാഹിപ്പിച്ചും, അനാവശ്യമായ കളകളെ ഒഴിവാക്കുന്നതിനുള്ള വിവിധ പരിപാടികൾ പദ്ധതി പ്രവർത്തനത്തിന്റെ ഭാഗമായും ഗ്രീൻ ഇൻഡ്യാ മിഷന്റെ ഭാഗമായി പ്രത്യേകമായും നടത്തി വരുന്നു.

സി) ജൈവ വൈവിദ്ധ്യ സംരക്ഷണവുമായി ബന്ധപ്പെട്ട ഇക്കോ കേഡറ്റ്സ്, കുരുവിക്ക് ഒരു കൂട് എന്നീ പരിപാടികൾ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

ജൈവവൈവിധ്യ സംരക്ഷണവുമായി ബന്ധപ്പെട്ട ഇക്കോ കേഡറ്റ്സ് , കുരുവിക്ക് ഒരു കൂട് എന്നീ പരിപാടികൾ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഡി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി പ്രകൃതി മിത്ര അവാർഡ് ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

മിഷൻ 676 പദ്ധതി പ്രകാരം ഓരോ പഞ്ചായത്തിലും ജൈവവൈവിദ്ധ്യ സംരക്ഷണത്തിനായി പ്രവർത്തിക്കുന്ന ഒരു വ്യക്തിയെ പഞ്ചായത്ത് തലത്തിൽ തെരഞ്ഞെടുത്ത് 2000 രൂപയും പ്രശസ്തി പത്രവുമടങ്ങുന്ന പ്രകൃതി മിത്ര അവാർഡ് 2014 – 15 വർഷത്തിൽ നടപ്പിലാക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ